| 72 | 149 | ചെറുകിട കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ് | SEC (GP) | SO | 200000 | 0 | 200000 |
| 73 | 274 | വേസ്റ്റ് ബിൻ സ്ഥാപിക്കൽ | As SEC (GP) | New | 200000 | 0 | 200000 |
| 74 | 292 | സാംസ്ക്കാരിക നിലയത്തിന് ബോർഡ് സ്ഥാപിക്കൽസാംസ്ക്കാരിക നിലയം ബാക്കി ഭാഗം നവീകരിക്കൽ | AE(LSGD) | New | 200000 | 0 | 200000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 75 | 303 | അറന്നൂറ്റിമംഗലം പാടശേഖരത്ത് അടിസ്ഥാന സൌകര്യ വികസനം | AO | New | 200000 | 0 | 200000 |
| 76 | 307 | വളർത്ത് മൃഗങ്ങൾക്ക് ആവശ്യമായ മരുന്നുകളുംധാതുലവണ മിശ്രിതവും ലഭ്യമാക്കൽ | VETS | New | 200000 | 0 | 200000 |
| 77 | 63 | കമ്മ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്റർ നിയമനവും ഓണറേറിയം നൽകലും | SUP (ICDS) | New | 204000 | 0 | 204000 |
| 78 | 310 | ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ ഗ്രാന്റ് | MO (PHC)/(MO) CHC | New | 208000 | 0 | 208000 |
| 79 | 21 | പി എം എ വൈ വിഹി തം - ജനറൽ | VEO/LVEO | New | 1120000 | 910000 | 210000 |
| 80 | 223 | വിവിധ അങ്കണവാടികൾക്ക് സോക്ക്പിറ്റ് നിർമ്മാണം | AE(LSGD) | SO | 214639 | 0 | 214639 |
| 81 | 85 | മുട്ടക്കോഴി വളർത്തൽ | VETS | New | 216250 | 0 | 216250 |
| 82 | 45 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം എസ്സി | HM(GLPS) | New | 440000 | 223378 | 216622 |
| 83 | 250 | അസിഎഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | AE(LSGD) | New | 430000 | 212450 | 217550 |
| 84 | 243 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം | HM(GLPS) | SO | 399730 | 172470 | 227260 |
| 85 | 30 | വൃദ്ധർക്ക് കട്ടിൽ | As SEC (GP) | New | 247950 | 0 | 247950 |
| 86 | 218 | ശൌചാലയ നിർമ്മാണം പിബിഐജി | VEO/LVEO | SO | 277200 | 27400 | 249800 |
| 87 | 33 | മേനുസട്രൽ കപ്പ് വിതരണം | MO (PHC)/(MO) CHC | New | 250000 | 0 | 250000 |
| 88 | 36 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം | As SEC (GP) | New | 250000 | 0 | 250000 |
| 89 | 154 | ലെഗസി വേസ്റ്റ് കൈമാറൽ | SEC (GP) | SO | 250000 | 0 | 250000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 90 | 173 | അങ്കണവാടികൾക്ക് അടുക്കള ഉപകരണങ്ങൾ പാത്രങ്ങൾ തുടങ്ങിയവ വാങ്ങൽ | SUP (ICDS) | SO | 250000 | 0 | 250000 |
| 91 | 183 | തെക്കടത്ത് മുതൽ താഴെപാടം റി കോൺക്രീറ്റ് വാർഡ് -3 | AE(LSGD) | SO | 275000 | 0 | 275000 |
| 92 | 245 | തെങ്ങുകൃഷി വികസനം | AO | SO | 312000 | 33600 | 278400 |
| 93 | 81 | മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിന് വിഹിതം നൽകൽ ഡയപ്പർ മുതലായവയുടെ സംസ്കരണത്തിനുള്ള | SEC (GP) | New | 280000 | 0 | 280000 |
| 94 | 311 | രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | MO (PHC)/(MO) CHC | New | 290000 | 0 | 290000 |
| 95 | 39 | പദ്ധതി രൂപീകരണ നിർവഹണ മോണിട്ടറിംഗ് ചിലവുകൾ | SEC (GP) | New | 400000 | 100149 | 299851 |
| 96 | 145 | ഹാപ്പിനസ്സ് പാർക്ക് | SEC (GP) | SO | 300000 | 0 | 300000 |
| 97 | 152 | ഭിന്നശേഷി പുനരധിവാസ കേന്ദ്രം - ജില്ല പഞ്ചായത്തിന്റെ വിഹിതം നൽകൽ | SEC (GP) | SO | 300000 | 0 | 300000 |
| 98 | 174 | പഞ്ചായത്ത് സ്റ്റേഡിയത്തിൽ ടോയ് ലറ്റ് നിർമ്മാണം | AE(LSGD) | SO | 300000 | 0 | 300000 |
| 99 | 177 | ജിഎൽപി സ്ക്കൂൾ വഴൂവാടി ടോയ് ലറ്റ് നിർമ്മാണം | AE(LSGD) | SO | 300000 | 0 | 300000 |
| 100 | 190 | അറുന്നൂറ്റിമംഗലം യുപിഎസ് ന് ടോയ് ലറ്റ് നിർമ്മാണം | AE(LSGD) | SO | 300000 | 0 | 300000 |
| 101 | 191 | 10-ാം വാർഡിലെ 1-ാം നമ്പർ അങ്കണവാടിക്ക് ടോയ് ലറ്റ് നിർമ്മാണം | AE(LSGD) | SO | 300000 | 0 | 300000 |
| 102 | 293 | വൃക്ക രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിന് ധനസഹായം നൽകൽ | SEC (GP) | New | 300000 | 0 | 300000 |
| 103 | 300 | ആയുർവ്വേദ ഡിസ്പെൻസറിക്ക് ഭിന്നശേഷി സൌഹൃദ ടോയ്ലറ്റ് നിർമ്മാണം | AE(LSGD) | New | 300000 | 0 | 300000 |
| 104 | 305 | വിള ഇൻഷ്വറൻസ് പരിരക്ഷ-കാർഷിക വിളകൾകാർഷിക ഉപകരണങ്ങൾ എന്നിവയ്ക്ക് പരിരക്ഷ | AO | New | 300000 | 0 | 300000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 105 | 41 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | As SEC (GP) | New | 320000 | 0 | 320000 |
| 106 | 62 | തെരിവ് വിളക്ക് സാധന സാമഗ്രഹികൾ വാങ്ങൽ | SEC (GP) | New | 600000 | 277239 | 322761 |
| 107 | 32 | പഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണിച്ചർ | SEC (GP) | New | 350000 | 0 | 350000 |
| 108 | 52 | പച്ചക്കറി കൃഷി - വനിത | AO | New | 350000 | 0 | 350000 |
| 109 | 159 | തെരുവ് വിളക്ക് - വൈദ്യുതി മീറ്റർ സ്ഥാപിക്കൽ | SEC (GP) | SO | 350000 | 0 | 350000 |
| 110 | 198 | പി എം എ വൈ വിഹിതം - ജനറൽ | VEO/LVEO | SO | 350000 | 0 | 350000 |
| 111 | 235 | പഞ്ചായത്ത് ലൈബ്രറിക്ക് അടിസ്ഥാന സൌകര്യം ഒരുക്കൽ | AE(LSGD) | SO | 353000 | 0 | 353000 |
| 112 | 222 | വിവിധ സ്ക്കൂളുകൾക്ക് സോക്ക്പിറ്റ് നിർമ്മാണം | AE(LSGD) | SO | 354440 | 0 | 354440 |
| 113 | 40 | സ്വയം തൊഴിൽ -വനിത വ്യക്തിഗതം | VEO/LVEO | New | 360000 | 0 | 360000 |
| 114 | 262 | ഗ്രാമ്യപ്രദേശങ്ങയിലേ സബ്മെയിൻ സെൻറർ യില്ലേ ഹെൽത്ത് അൻഡ് പ്രവർത്തങ്ങൾ വെല്ലനെസ്സ് | MO (PHC)/(MO) CHC | SO | 727000 | 362419 | 364581 |
| 115 | 1 | ആശുപത്രിക്ക് മരുന്ന് വാങ്ങൽ | MO (PHC)/(MO) CHC | New | 800000 | 430657 | 369343 |
| 116 | 43 | ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട-വനിത വ്യക്തിഗതം | VEO/LVEO | New | 375000 | 0 | 375000 |
| 117 | 208 | ഭവന പുനരുദ്ധാരണം എസ് സി | LVEO/VEO | SO | 1800000 | 1425000 | 375000 |
| 118 | 65 | തെരിവ് വിളക്ക് മെയിന്റനൻസ് വേതനം നൽകൽ | SEC (GP) | New | 600000 | 212472 | 387528 |
| 119 | 242 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം എസ്സി | HM(GLPS) | SO | 488220 | 100230 | 387990 |

| | | | | | | | |
|---|---|---|---|---|---|---|---|
| 120 | 213 | കറവമാട് വിതരണം - വനിത | VETS | SO | 455000 | 65000 | 390000 |
| 121 | 74 | പൊതുക്കിണർ മെയിന്റനൻസ് | AE(LSGD) | New | 400000 | 0 | 400000 |
| 122 | 89 | ഘടകസ്ഥാപനങ്ങളുടെ മെയിന്റനൻസ് | AE(LSGD) | New | 400000 | 0 | 400000 |
| 123 | 131 | താഴത്തിൽ ഭാഗം നടവഴി വാർഡ് 11 | AE(LSGD) | New | 400000 | 0 | 400000 |
| 124 | 151 | 14-ാം വാർഡിലെ 132-ാം നമ്പർ അങ്കണവാടിക്ക് ഭൂമി വാങ്ങൽ | SEC (GP) | SO | 400000 | 0 | 400000 |
| 125 | 193 | അമ്പഴവേലിൽ കൊല്ലുപറമ്പിൽ തെക്കേ വീട്ടിൽ ലക്ഷ്മിനിവാസ് റോഡ് മെയിന്റനൻസ് വാർഡ് -7 | AE(LSGD) | SO | 435200 | 0 | 435200 |
| 126 | 179 | ആയുർവേദ ആശുപത്രിക്ക് യോഗഹാൾ നിർമ്മാണം | AE(LSGD) | SO | 450000 | 0 | 450000 |
| 127 | 57 | വയോജനങ്ങൾക്ക് കട്ടിൽ | SUP (ICDS) | New | 452400 | 0 | 452400 |
| 128 | 163 | എംസിഎഫ് ലേക്ക് കൺവെയർ ബെൽറ്റ് വാങ്ങൽ | SEC (GP) | SO | 465000 | 0 | 465000 |
| 129 | 158 | വെട്ടിയാർ പിഎച്ച്സി സബ്സെന്ററിന് ഭൂമി വാങ്ങൽ | SEC (GP) | SO | 500000 | 0 | 500000 |
| 130 | 175 | ആയുർവേദാശുപത്രിക്ക് മെയിന്റനൻസ് | AE(LSGD) | SO | 500000 | 0 | 500000 |
| 131 | 225 | പഞ്ചായത്ത് ഓഫീസിൽ തുമ്പൂർമുഴി എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം | AE(LSGD) | SO | 500000 | 0 | 500000 |
| 132 | 284 | പഞ്ചായത്ത് സ്റ്റേഡിയം നവീകരണം | AE(LSGD) | New | 500000 | 0 | 500000 |
| 133 | 308 | മൃഗ സംരക്ഷണ ഇൻഷ്വറൻസ് | VETS | New | 500000 | 0 | 500000 |
| 134 | 114 | അർദ്ധകണ്ഠൻകാവ് വാരിക്കോലിൽ റോഡ് മെയിന്റനൻസ് വാർഡ്-7 | AE(LSGD) | New | 508560 | 0 | 508560 |

| | | | | | | | |
|---|---|---|---|---|---|---|---|
| 135 | 99 | വഴിക്കിണർ മാലിത്താഴേ റോഡ് മെയിന്റെനൻസ് വാർഡ്-1 | AE(LSGD) | New | 508572 | 0 | 508572 |
| 136 | 113 | അഞ്ചുമൂലം പറമ്പ് മലമുറ്റം ക്ഷേത്രം റോഡ് മെയിന്റനൻസ് വാർഡ്-17 | AE(LSGD) | New | 508572 | 0 | 508572 |
| 137 | 122 | ഇറവങ്കര ഹൈസ്കൂൾ ഓലുക്കുഴി ഗുരുമന്ദിരം റോഡ് റീടാറിംഗ് വാർഡ് 18 | AE(LSGD) | New | 508572 | 0 | 508572 |
| 138 | 128 | പള്ളിമുക്ക് താന്നികുന്ന് റോഡ് മെയിൻന്റെനൻസ് വാർഡ് 13 | AE(LSGD) | New | 508572 | 0 | 508572 |
| 139 | 130 | ശവക്കോട്ടമുതൽ മുകളുപറമ്പ് മങ്ങാട്ട് മൂലയിൽ റോഡ് മെയിന്റനൻസ് വാർഡ്- 21 | AE(LSGD) | New | 508572 | 0 | 508572 |
| 140 | 266 | മലയിൽ മുക്ക് -പുതുച്ചിറ - കല്ലിത്തുണ്ടം റോഡ് മെയിന്റനൻസ് വാർഡ് -8 | AE(LSGD) | New | 508572 | 0 | 508572 |
| 141 | 268 | മാക്രിമട -വെട്ടത്ത് മഹാദേവ ക്ഷേത്രം റോഡ് മെയിന്റനൻസ് വാർഡ് 20 | AE(LSGD) | New | 508572 | 0 | 508572 |
| 142 | 269 | രണ്ടുനില ജംഗ്ഷൻ -മേലേടത്ത് റോഡ് മെയിന്റനൻസ് വാർഡ് 12 | AE(LSGD) | New | 508572 | 0 | 508572 |
| 143 | 281 | ഗുരു മന്ദിരം-മാടത്തൂർ റോഡ് മെയിന്റനൻസ്വാർഡ് 4 | AE(LSGD) | New | 508572 | 0 | 508572 |
| 144 | 282 | സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം-പള്ളി ആൽത്തറ റോഡ് മെയിന്റനൻസ്വാർഡ് 3 | AE(LSGD) | New | 508572 | 0 | 508572 |
| 145 | 254 | ഇറവങ്കര വഴുവാടി ഡിസ്പെൻസറി ഉപകേന്ദ്രങ്ങൾക്ക് മെയിന്റനൻസ് | AE(LSGD) | New | 515000 | 0 | 515000 |
| 146 | 212 | കറവ പശു വിതരണം | VETS | SO | 650000 | 130000 | 520000 |
| 147 | 226 | പഞ്ചായത്ത് ലൈബ്രറിക്ക് മുകളിൽ സാംസ്ക്കാരിക നിലയം | AE(LSGD) | SO | 536000 | 0 | 536000 |
| 148 | 205 | അതിദരിദ്രർക്ക് ഭവന നിർമ്മാണം എസ്സി | LVEO/VEO | SO | 800000 | 260000 | 540000 |
| 149 | 171 | അനുപൂരക പോഷകാഹാര പദ്ധതി | SUP (ICDS) | SO | 704720 | 155219 | 549501 |

| | | | | | | | |
|---|---|---|---|---|---|---|---|
| 150 | 214 | കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | VETS | SO | 647680 | 89680 | 558000 |
| 151 | 53 | വെറ്റില കൃഷി - വനിത | AO | New | 600000 | 0 | 600000 |
| 152 | 189 | മുപ്പത്തിൽ റോഡ് റീകോൺക്രീറ്റിംഗ് വാർഡ് 20 | AE(LSGD) | SO | 600000 | 0 | 600000 |
| 153 | 277 | ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ | AE(LSGD) | New | 600000 | 0 | 600000 |
| 154 | 304 | കുടിവെള്ള ലഭ്യത ഉറപ്പാക്കല്- ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം2026 | SEC (GP) | New | 600000 | 0 | 600000 |
| 155 | 92 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ സ്കാനർ | SEC (GP) | New | 650000 | 0 | 650000 |
| 156 | 133 | കന്നിമേൽ കോളനി റോഡ് വാർഡ് 10 | AE(LSGD) | New | 656600 | 0 | 656600 |
| 157 | 69 | അഗതിരഹിത കേരളം പദ്ധതി | As SEC (GP) | New | 1000000 | 300000 | 700000 |
| 158 | 50 | ഇടവിള കൃഷി- വനിത | AO | New | 725000 | 0 | 725000 |
| 159 | 263 | രോഗ നിർണായ സംവിധാനം ഒരുക്കൽ | MO (PHC)/(MO) CHC | SO | 798000 | 71103 | 726897 |
| 160 | 176 | മാസ് ആഡിറ്റോറിയം റോഡ് മെയിന്റനൻസ് വാർഡ് -8 | AE(LSGD) | SO | 727600 | 0 | 727600 |
| 161 | 186 | റീത്ത് പള്ളി - കൊട്ടയ്ക്കാട്ടുവിളയിൽ റോഡ് മെയിന്റനൻസ് വാർഡ് -12 | AE(LSGD) | SO | 727600 | 0 | 727600 |
| 162 | 224 | രണ്ടുനില കരുവത്തിൽ റോഡ് മെയിന്റനൻസ് വാർഡ് -9 | AE(LSGD) | SO | 727600 | 0 | 727600 |
| 163 | 229 | കൊച്ചിക്കൽ റോഡ് മെയിന്റനൻസ് വാർഡ് -13 | AE(LSGD) | SO | 727600 | 0 | 727600 |
| 164 | 231 | മാന്നാലിൽ റോഡ് മെയിന്റനൻസ് വാർഡ് -15 | AE(LSGD) | SO | 727600 | 0 | 727600 |

| | | | | | | | |
|---|---|---|---|---|---|---|---|
| 165 | 232 | വിളയിൽക്ഷേത്രം മധുരിമ റോഡ് മെയിന്റനൻസ് വാർഡ് -14 | AE(LSGD) | SO | 727600 | 0 | 727600 |
| 166 | 239 | ചപ്പാത്ത് പുഞ്ച റോഡ് മെയിന്റനൻസ് IInd റീച്ച് വാർഡ് - 18 | AE(LSGD) | SO | 727600 | 0 | 727600 |
| 167 | 240 | അഞ്ചുമൂലം പറമ്പ് തഴക്കര പുഞ്ച റോഡ് മെയിന്റനൻസ് വാർഡ് -17 | AE(LSGD) | SO | 727600 | 0 | 727600 |
| 168 | 228 | ഐറ്റിഐ ജംഗ്ഷൻ കള്ളോട്ട് റോഡ് മെയിന്റനൻസ് വാർഡ് -20 | AE(LSGD) | SO | 791500 | 0 | 791500 |
| 169 | 76 | വിവിധ സ്കൂളുകളുടെ മെയിന്റനൻസ് | AE(LSGD) | New | 796000 | 0 | 796000 |
| 170 | 87 | സമഗ്ര നെൽ കൃഷി വികസനം കൂലി ചിലവ് | AO | New | 800000 | 0 | 800000 |
| 171 | 199 | അതിദരിദ്രർക്ക് ഭവന നിർമ്മാണം ജനറൽ | VEO/LVEO | SO | 1000000 | 200000 | 800000 |
| 172 | 247 | സമഗ്ര നെൽകൃഷി വികസനം കൂലി ചെലവ് | AO | SO | 1600000 | 800000 | 800000 |
| 173 | 203 | ലൈഫ് ഭൂമി വാങ്ങൽ - എസ് സി | LVEO/VEO | SO | 900000 | 0 | 900000 |
| 174 | 138 | എം സി എഫ് താത്ക്കാലിക ഷെഡ് നിർമ്മാണം | AE(LSGD) | New | 1000000 | 0 | 1000000 |
| 175 | 272 | ഹൈമാസ്റ്റ് മിനിമാസ്റ്റ് എഎംസി | SEC (GP) | New | 1000000 | 0 | 1000000 |
| 176 | 215 | ലൈഫ് ഭവനങ്ങൾ ശൌചാലയ നിർമ്മാണം | VEO/LVEO | SO | 1092000 | 0 | 1092000 |
| 177 | 167 | കന്നിമേൽ കുടിവെള്ള പദ്ധതി- ബാലൻസ് തുക കൈമാറൽ | SEC (GP) | SO | 1100000 | 0 | 1100000 |
| 178 | 55 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം | As SEC (GP) | New | 1625000 | 500000 | 1125000 |
| 179 | 3 | പാലിന് സബ്സിഡി ജനറൽ | DFI | New | 1800000 | 598162 | 1201838 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 180 | 201 | ഭവന പുനരുദ്ധാരണം ജനറൽ | VEO/LVEO | SO | | 2702370 | 1494950 | 1207420 |
| 181 | 192 | മലവിള പടിറ്റതിൽ - യുവശക്തി സ്റ്റേഡിയം പടിപ്പുര ജംഗ്ഷൻ റോഡ് വല്യകൊല്ലാകളം റോഡ്മെയിന്റനൻസ് വാർഡ് -11 | AE(LSGD) | SO | | 1236600 | 0 | 1236600 |
| 182 | 256 | ജൽ ജീവൻ മിഷൻ പദ്ധതി - ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറുന്നത് | SEC (GP) | New | | 1300000 | 0 | 1300000 |
| 183 | 25 | ബയോ കമ്പോസ്റ്റർ ബിൻ | LVEO/VEO | New | | 1316658 | 0 | 1316658 |
| 184 | 70 | ഗ്രാമ നിലാവ് സമ്പൂർണ്ണ തെരിവ് വിളക്ക് - സട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പോസ്റ്റ് സ്ഥാപിക്കൽ | SEC (GP) | New | | 1400000 | 0 | 1400000 |
| 185 | 24 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | SUP (ICDS) | New | | 2300000 | 853600 | 1446400 |
| 186 | 59 | പഞ്ചായത്ത് ഓഫീസ് നവീകരണം | AE(LSGD) | New | | 1500000 | 0 | 1500000 |
| 187 | 7 | കറവ പശുക്കൾക്ക് കാലിത്തിറ്റ സബ്സിഡിജനറൽ | DFI | New | | 2000000 | 476080 | 1523920 |
| 188 | 29 | സമഗ്ര നെൽ കൃഷി വികസനം | AO | New | | 3212800 | 1472940 | 1739860 |
| 189 | 23 | അനുപൂരക പോഷകാഹാര പദ്ധതി | SUP (ICDS) | New | | 3300000 | 1471088 | 1828912 |
| 190 | 20 | ഭവന പുനരുദ്ധാരണം - എസ് സി | LVEO/VEO | New | | 3150000 | 1275000 | 1875000 |
| 191 | 200 | 21 വാർഡുകളിലും മിനി എം സി എഫ് സ്ഥാപിക്കൽ | VEO/LVEO | SO | | 1890000 | 0 | 1890000 |
| 192 | 260 | തഴക്കര ഈസ്റ്റ് സബ് സെന്ററിന് കെട്ടിട നിർമ്മാണം -ഹെൽത്ത് ഗ്രാൻഡ് | AE(LSGD) | New | | 3647370 | 739349 | 2908021 |
| 193 | 14 | വീട് വാസയോഗ്യമാക്കല് - ജനറല് | VEO/LVEO | New | | 4725000 | 1537500 | 3187500 |
| 194 | 35 | കേരള വാട്ടർ അതോറിറ്റി-വാട്ടർ ചാർജ് അടയ്ക്കൽ മാസം ബില്ലുകൾ | SEC (GP) | New | | 4818000 | 0 | 4818000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 195 | 4 | ലൈഫ് ഭവന പദ്ധതി - ജനറല് | VEO/LVEO | New | 12400000 | 3538000 | 8862000 |
| 196 | 196 | ലൈഫ് ഭവന പദ്ധതി - ജനറൽ | VEO/LVEO | SO | 13078000 | 360000 | 12718000 |
| 197 | 15 | ലൈഫ് ഭവന പദ്ധതി - എസ് സി | LVEO/VEO | New | 15200000 | 1250000 | 13950000 |
| 198 | 204 | ലൈഫ് ഭവന പദ്ധതി - എസ് സി | LVEO/VEO | SO | 20199584 | 3259584 | 16940000 |

# അദ്ധ്യായം -3

# പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

## 1. പൊതുഭരണവും ധനകാര്യവും

ഒരു ആഫീസിന്റെ എല്ലാ കാര്യങ്ങളിലും ശ്രദ്ധിക്കാനും നിർവ്വഹണം നടത്തുന്നതിലൂടെ മെച്ചപ്പെട്ട സാഹചര്യം കൈവരിച്ചാലേ പൊതുഭരണം സാധ്യമാവുകയുള്ളു. ഏറ്റവും മികച്ച രീതിയിൽ ആഫീസ് പ്രവർത്തനം നടത്തുന്നതിനായി ആഫീസിലെ എല്ലാ സെക്ഷനുകളിലും കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ചുകൊണ്ട് കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഫ്രണ്ട് ആഫീസുകൾ ആരംഭിക്കുകയും സുലേഖ, സാംഖ്യ, സേവന പെൻഷൻ, സൂചിക ഐഎൽജിഎംഎസ് എന്നിവയിൽ കമ്പ്യൂട്ടർ സൗകര്യം നടപ്പിലാക്കിയിട്ടുണ്ട്. രേഖകളുടേയും രജിസ്റ്ററുകളുടേയും ഡിജിറ്റലൈസേഷൻ സാധ്യമാക്കിയിട്ടുണ്ട്. ജനനം, മരണം, വിവാഹം എന്നിവയുടെ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ സംവിധാനം ആക്കിയതിലൂടെ ആഫീസ് പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കെട്ടിട നികുതി അടയ്ക്കുന്നതിനുള്ള സൗകര്യങ്ങളും മറ്റു നികുതികളും രേഖകളും തയ്യാറാക്കുന്നതിന് ഇതിലൂടെ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ഉറപ്പാക്കാൻ കഴിയാത്ത് അവസ്ഥ നിലനിൽക്കുന്നുണ്ട്. അടിക്കടിയുണ്ടാകുന്ന ഇന്റർനെറ്റ് തടസ്സങ്ങൾ തീവ്രത വർദ്ധിപ്പിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് ആഫീസിൽ ഇരിപ്പിടങ്ങളുടെ കുറവ് നേരിടുന്നുണ്ട്. ആഫീസ് മുറി ആവശ്യാനുസരണം ഇല്ലായെന്ന പ്രശ്നം നിലനിൽക്കുന്നു. ജനസേവനം കാര്യക്ഷമമായും സുതാര്യമായും നടപ്പിലാക്കുന്നതിനായി പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

ആവശ്യാനുസരണം ആഫീസിൽ ഇരിപ്പിടങ്ങൾ സജ്ജീകരിക്കുന്നതിനും കൂടുതൽ മുറികൾ നിർമ്മിക്കുന്നതിനും കഴിയേണ്ടതാണ്. വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങി നൽകേണ്ടതാണ്. ഇന്റർനെറ്റ് തടസ്സം ഒഴിവാക്കുന്നതിന് കെ-ഫോൺ സൗകര്യം പ്രയോജനപ്പെടുത്തണം. അപേക്ഷകളിന്മേൽ പരിശോധന ത്വരിതഗതിയിലാക്കി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആഡിറ്റോറിയത്തിലെ ശബ്ദ സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഭിത്തിയിൽ തടിപാനൽ ഒട്ടിച്ച് പ്രശ്ന പരിഹാരത്തിന് നടപടി എടുക്കേണ്ടതാണ്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കേണ്ടതാണ്.

## 2. കൃഷിയും അനുബന്ധമേഖലയും

കാർഷിക മേഖലയിലെ ഉല്പാദന വർദ്ധനവിനും കാർഷിക വികസനത്തിനുമായി ആരംഭിച്ച ഇറിഗേഷൻ കനാലുകളുടെ പ്രവർത്തനം ഈ മേഖ

ലയ്ക്ക് ഗുണകരമായിട്ടില്ല. മണ്ണെടുപ്പും, ചെളിവാരലും, മണലുവാരലും നിലം കൃഷിയെ ബാധിച്ചിരിക്കുന്നു. നിലം നികത്തൽ കൃഷിയിടങ്ങളുടെ വിസ്തൃതി കുറച്ചു. ജലസ്രോതസ്സുകളെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുകയും തടസ്സപ്പെടുത്തുകയും ചെയ്തു. തോടുകളുടെ നവീകരണം നടത്താത്തതുമൂലം ജലനിർഗ്ഗമനങ്ങളുടെ തടസ്സം മൂലം ജലസേചനം പരിമിതമായി. പാടശേഖരങ്ങളിൽ റാമ്പ്, മോട്ടോർതറ എന്നിവ സ്ഥാപിച്ചിട്ടില്ലാത്തത് പ്രശ്നങ്ങളാണ്. കൃഷിക്കാവശ്യമായ കനാൽ വെള്ളം സമയത്തിന് ലഭിക്കാത്തത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. രാസവളങ്ങളുടെ അമിതമായ പ്രയോഗംമൂലം മണ്ണിന്റെ ഗുണം നഷ്ടപ്പെടുകയും കാർഷിക ഉല്പാദനം കുറയുന്നു. കുളങ്ങളും തോടുകളും നവീകരിക്കാത്തതുമൂലം ജലലഭ്യത കുറയുന്നു. ശാസ്ത്രീയ മണ്ണ് പരിശോധനയുടെ കുറവ് കൃഷിയെ ദോഷകരമായി ബാധിക്കുന്നു. ആവശ്യാനുസരണമുള്ള തൊഴിലാളികളെ ലഭിക്കാത്തത് സമയബന്ധിതമായി കൃഷിയിറക്കാൻ കഴിയുന്നില്ല. കാർഷികോല്പാദനങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്ന സ്ഥിതിയില്ലാത്തത് ചെലവുമായി പൊരുത്തപ്പെടുന്നില്ല. കാലാവസ്ഥയിലെ വ്യതിയാനം, കൃഷിയെ ദോഷകരമായി ബാധിക്കുന്നു. കാർഷിക യന്ത്രങ്ങളുടെ ലഭ്യത കൃഷിയെ തടസ്സപ്പെടുത്തുകയും കാലതാമസം വരുത്തുകയും ചെയ്യുന്നു. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ സമയബന്ധിതമായി ലഭിക്കാത്തത് കൃഷിയിറക്കുന്നതിന് കഴിയാതെ വരുന്നു.

കർഷകരെ നെൽകൃഷിയിൽ ആകർഷിക്കാൻ ഒട്ടേറെ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. മേൽ സൂചിപ്പിച്ച പ്രശ്നങ്ങളിൽ താഴെ കൊടുത്തിട്ടുള്ള പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. പാടശേഖരങ്ങളിലെ കരത്തോടുകളും, നടുത്തോടുകളും നവീകരിച്ച്, ജലനിർഗ്ഗമനവും, ജലലഭ്യതയും ഉറപ്പ് വരുത്തേണ്ടതാണ്. പാടശേഖരങ്ങളിലേക്കുള്ള വെള്ളത്തിന്റെ അമിതമായ ഒഴുക്ക് തടയുന്നതിനായി റാമ്പും, ചീപ്പും, പെട്ടിയും പറയും സ്ഥാപിക്കേണ്ടതാണ്. കാലങ്ങളായി നികന്നു കിടക്കുന്ന പാടശേഖരങ്ങളിലെ ചാലുകൾ പുനർനിർമ്മിച്ച് കൃഷിക്ക് പ്രയോജനപ്പെടുത്തേണ്ടതാണ്. പി. ഐ. പി. കനാലിൽ നിന്നുള്ള വെള്ളം ആവശ്യാനുസരണം പാടശേഖരങ്ങൾ ലഭ്യമാക്കാൻ കഴിയണം. ശാസ്ത്രീയമായ രീതിയിൽ മണ്ണ് പരിശോധന നടത്തി കൃഷി ഇറക്കുന്നതിനുള്ള സാഹചര്യം ഒരുക്കണം. തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രവർത്തനങ്ങൾ കാർഷിക മേഖലയ്ക്ക് പ്രയോജനപ്പെടുത്തി തൊഴിലാളികളുടെ കുറവ് പരിഹരിക്കണം. രാസവളങ്ങളുടെ ഉപയോഗം കുറച്ച് ജൈവ വളം ഉപയോഗിച്ചുള്ള കാർഷിക രീതി അവലംബിക്കണം. ജലസ്രോതസ്സുകളായ കുളങ്ങളും, തോടുകളും നവീകരിച്ച് വൃത്തിയാക്കി കാർഷിക ആവശ്യങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കണം. നിലം നികത്താനുള്ള പ്രവണത കുറയ്ക്കുവാനുള്ള ബോധവത്ക്കരണം സംഘടിപ്പിക്കേണ്ടതാണ്. ചെളിയെടുപ്പും, മണ്ണെടുപ്പും ഇല്ലാതാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാനും കൂടുതൽ വിപണന കേന്ദ്രങ്ങൾ ആരംഭിച്ച് ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഉറപ്പാക്കണം. കാലാവസ്ഥ കലണ്ടറുകൾ തയ്യാറാക്കി കർശനമായും അതനുസരിച്ച്

കൃഷി ഇറക്കുന്നതിനും, വിളവെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കാർഷിക യന്ത്രങ്ങളുടെ ലഭ്യത ഉറപ്പാക്കി കൃഷി ഇറക്കുവാനും വിളവെടുക്കുവാനും സൗകര്യങ്ങൾ ചെയ്യേണ്ടതാണ്. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കണം. ഹോർട്ടിക്കൾച്ചർ മിഷന്റെ ഫണ്ടുകൾ ഉപയോഗിച്ച് വാഴകൃഷിയുടെ പ്രോത്സാഹനം നടത്തേണ്ടതാണ്. തരിശുരഹിത ഗ്രാമം എന്ന ലക്ഷ്യം നേടിയെടുത്ത് സമഗ്ര നെൽകൃഷി, തെങ്ങ്കൃഷി, അടുക്കളതോട്ടം, ജൈവ പച്ചക്കറി കൃഷി, കിഴങ്ങുകൃഷി, ധാന്യവിളകൃഷിഎള്ളുകൃഷി എന്നി കൃഷികളുടെ മുന്നേറ്റം സാധ്യമാക്കേണ്ടതാണ്. തേനീച്ച വളർത്തലിനും തേൻ ഉൽപ്പാദനത്തിനുമുള്ള സാധ്യത കണ്ടെത്തി കൃഷിക്കാരെ പ്രോത്സാഹിപ്പിക്കണം.

## 3. മൃഗസംരക്ഷണവും ക്ഷീരവികസനവും

ക്ഷീരകർഷകർക്ക് മൃഗാശുപത്രികളുടെ സേവനം ലഭ്യമാകുന്നതിന് സബ്സെന്ററുകളിൽ ആവശ്യമായ സൗകര്യങ്ങളില്ലാത്തതും, മരുന്നിന്റെ ലഭ്യതകുറവും വിഷമം സൃഷ്ടിക്കുന്നുണ്ട്. കന്നുകാലികളിൽ കണ്ടുവരുന്ന അകിട് രോഗം, കുളമ്പ് രോഗം, ഉദരരോഗം, പനി എന്നിവയ്ക്കുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ കുറവ് പ്രശ്നമാണ്. കൃഷിക്കാവശ്യമായ ജൈവവളം ലഭ്യമാകുന്നുണ്ടെങ്കിലും കന്നുകാലി വളർത്തൽ ലാഭകരമല്ലാത്തതിനാൽ ഈ രംഗത്ത് കൃഷിക്കാർ പിന്നോട്ട് പോകുന്ന സ്ഥിതിയുണ്ട്. എന്നിരുന്നാലും ക്ഷീരസംഘങ്ങളിലൂടെ കൃത്യമായി പാലളക്കുന്നതിന് അതിലൂടെ വരുമാനമുണ്ടാക്കുന്നതിനും നല്ലൊരു വിഭാഗം ആളുകൾ ഈ വേലയിൽ തുടരുന്നു. കാലിത്തീറ്റയുടെ വിലവർദ്ധനവ് വൈക്കോൽ, പുല്ല് എന്നിവയുടെ ലഭ്യത കുറവ് പുതിയ രോഗങ്ങളുടെ വരവ് തുടങ്ങിയവ മൂലം കർഷകർക്ക് ആശങ്കയും പ്രശ്നങ്ങളും നിലനിൽക്കുന്നു. കന്നുകാലി വളർത്തലിന് ധനകാര്യ സ്ഥാപനങ്ങളുടെ സഹായം ലഭിക്കുന്നതിനുള്ള പ്രയാസം ഈ കാര്യത്തിൽ വായ്പ സംഘങ്ങളുടേയും മറ്റും താല്പര്യമില്ലായ്മയും ഈ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ചെലവിനത്തിനുസരിച്ച് പാൽ ലഭ്യമാകുന്നില്ല. കറവക്കാരുടെ കുറവ് പ്രശ്നമായി നിലനിൽക്കുന്നു

22 വാർഡുള്ള ഗ്രാമപഞ്ചായത്തിൽ 7 വാർഡുകൾക്ക് ഒന്ന് എന്ന നിലയിൽ മൃഗാശുപത്രികൾ ആരംഭിക്കുക. 3 വാർഡിന് ഒന്ന് എന്ന നിലയിൽ ലൈവ് സ്റ്റോക് കേന്ദ്രങ്ങൾ ആരംഭിച്ച് ഡോക്ടറുടെയും മറ്റു സേവനങ്ങൾ ഉറപ്പാക്കുക. കറവ മാടുകൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുക. കൂടുതൽ പാൽ കിട്ടുന്ന കറവമാടുകൾ ലഭ്യമാക്കുന്നതിന് വായ്പയും ധനസഹായവും ഉറപ്പാക്കുക. ഉൽപ്പാദനം കൂടുതലുള്ള സങ്കരയിനം കറവമാടുകൾ ലഭ്യമാക്കുക. പേ വിഷബാധയ്ക്ക് എതിരേയുള്ള കുത്തിവെയ്പ്പ് മൃഗാശുപത്രിയിലും, ഉപകേന്ദ്രങ്ങളിലും ക്ഷീരസംഘങ്ങളിലും സൗജന്യമായി നൽകുന്നതിനുള്ള സാഹചര്യം ഉറപ്പുവരുത്തുക. വർഗ്ഗഗുണമുള്ള കോഴികുഞ്ഞുങ്ങളെ സൗജ

ന്യമായി നൽകുക. വൃത്തിയുള്ളതും രോഗവിമുക്തവുമായ ശാസ്ത്രീയ തൊഴുത്തുകളുടെ നിർമ്മാണത്തിന് സഹായം നൽകുക, തീറ്റപുൽകൃഷിക്ക് സഹായം നൽകുക, പുറമ്പോക്ക് പ്രദേശങ്ങളിൽ തീറ്റപുൽകൃഷിക്കായി സൗകര്യം ചെയ്തു കൊടുക്കുക. കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക. മുയൽ കുഞ്ഞുങ്ങളെയും പന്നികളെയും നൽകുന്നതിനുള്ള സഹായം ലഭ്യമാക്കുക. കർഷകരെ ആദരിക്കൽ, അംഗീകാരം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ ക്ഷീരമേഖലയിൽ നടപ്പാക്കി ഈ രംഗത്ത് കർഷകരുടെ മത്സരം ഉറപ്പാക്കുക, ക്ഷീര കർഷകരെ ആവശ്യമായ ബോധവത്ക്കരണപരിപാടികളിലൂടെ കർമ്മോത്സുകരാക്കുക, ക്ഷീര സംഘങ്ങൾ വഴി വനിതകൾക്ക് ക്ഷീര ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുക, പേവിഷ നിയന്ത്രണ പദ്ധതി ഏറ്റെടുക്കുക, സബ്സിഡി നിരക്കിൽ കന്നുകാലി ഇൻഷ്വറൻസ് പ്രോത്സാഹിപ്പിക്കുക, കറവയന്ത്രം സൗജന്യമായി ലഭ്യമാക്കുക, ആധുനിക യന്ത്രവൽകൃത അറവുശാലകൾ നിർമ്മിക്കുക. തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്.

## 4. പ്രാദേശിക സാമ്പത്തിക വികസനം

സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായം നൽകുക വഴി പ്രാദേശിക സാമ്പത്തിക വികസനം ശക്തിപ്പെടുത്തുതിനുള്ള ഒരു പദ്ധതികളും ഏറ്റെടുക്കാൻ കഴിയാത്തത് ഒരു പോരായ്മയാണ്. കുടുംബശ്രീ യൂണിറ്റുകൾക്കും വ്യക്തികൾക്കും സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ദീർഘവീക്ഷണത്തോടെ നടപ്പാക്കാൻ കഴിയാത്തത് പ്രശ്നങ്ങളായി നിലനിൽക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും സർക്കാരിന്റെയും വ്യക്തമായ നിർദ്ദേശങ്ങൾ പാലിക്കുവാൻ ധനകാര്യ സ്ഥാപനങ്ങൾക്ക് കഴിയാത്തത് ഒരു ദൗർബ്ബല്യമാണ്.

ആവശ്യമായ ധനസഹായങ്ങൾ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ദാരിദ്ര്യലഘൂകരണത്തിനും സാധ്യമാക്കേണ്ടതിനാൽ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധം സ്ഥാപിച്ച് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വനിതകൾക്ക് കുടുംബശ്രീ മുഖേന കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധനവിനും ആവശ്യമായ സഹായങ്ങൾ ഒരുക്കി നൽകേണ്ടതാണ്. പേപ്പർ ബാഗ് നിർമ്മാണം, ചെടിച്ചട്ടി നിർമ്മാണം, കാർപ്പറ്റ് നിർമ്മാണ യൂണിറ്റ്, തുണി സഞ്ചി നിർമ്മാണം, തയ്യൽ യൂണിറ്റ് എന്നിവ കുടുബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതാണ്. കുടുംബശ്രീ വഴി കൂടുതൽ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വിപണിയിലെത്തിക്കാനുള്ള സഹായം ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കണം.

## 5. ദാരിദ്ര്യ ലഘൂകരണം

അതിദരിദ്രരായ കുടുംബങ്ങൾക്ക് അവർക്കുള്ള പദ്ധതികൾക്ക് മുൻഗണന നൽകി അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചിട്ടുണ്ട്. ഗ്രാമീണ ജനതയുടെ നിത്യജീവിതത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കാൻ കഴിയു

ന്നുണ്ട്. അറ്റകുറ്റപ്പണി നടത്തേണ്ട ഭവനങ്ങളുടെ എണ്ണം കൂടി വരുന്നു. കുടിവെള്ള ലഭ്യത വേനൽകാലത്ത് രൂക്ഷമാണ്. കിണറുകളും പൈപ്പുകണക്ഷനുകളും ആവ ശ്യത്തിനായി ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ബി. പി. എൽ. കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹധനസഹായം കൂടുതലായി നൽകേണ്ടതുണ്ട്. പാവപ്പെട്ട ആശ്രയ കുടുംബങ്ങൾക്കുള്ള പദ്ധതി കാര്യമായിട്ടില്ലാത്തത് പ്രശ്നമാണ്.

തൊഴിൽ സംരംഭകർക്ക് ധനസഹായം നൽകി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങി നൽകുകയും ഭവന നിർമ്മാ ണത്തിന് കൂടുതൽ തുക നൽകിയും പരിഹരിക്കുക. വീട് അറ്റകുറ്റപ്പണിക്ക് ധനസ ഹായം നൽകുക. കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. ഗാർഹിക കക്കൂസുകൾ ആവശ്യമുണ്ടെങ്കിൽ കണ്ടെത്തി അവ നൽകുക.

## 6. സാമൂഹ്യനീതി

ശിശുവികസനത്തിന്റെ വാടികളായി പ്രവർത്തിക്കേണ്ട അങ്കണവാടികൾക്ക് അടി സ്ഥാന സൗകര്യങ്ങൾ ലഭിക്കാത്തത് ശിശുവികസനത്തിന് തടസ്സമുണ്ടാക്കുന്നു. 1000 പേർക്ക് ഒരു അങ്കണവാടി എന്നതാണ് വനിതാ ശിശു വികസന വകുപ്പ് (സംയോ ജിത ശിശു വികസന പദ്ധതി) വിഭാവനം ചെയ്യുന്നത്. 2 അങ്കണവാടികൾ മാത്രമാണ് പുതുതായി നിർമ്മിക്കപ്പെട്ടത്. ഒരെണ്ണത്തിന്റെ നിർമ്മാണം നടക്കുന്നു. സ്ഥലമുള്ള അങ്കണവാടികൾക്ക് കെട്ടിടങ്ങൾ ലഭിച്ചിട്ടില്ല. വയോജനക്ഷേമവും, ഭിന്നശേഷിക്ഷേ മവും സാമൂഹ്യനീതി വകുപ്പിന്റെ പരിധിയിൽ വരുന്ന ഉത്തരവാദിത്തങ്ങളാണ്. മാന വവിഭവശേഷിക്കുറവും, ഫണ്ടിന്റെ അപര്യാപ്തത കൊണ്ടും, സംയോജന സാധ്യത കൾ പ്രയോജനപ്പെടുത്താത്തതു കൊണ്ടുമാണ് സാമൂഹ്യനീതി മേഖലയിൽ പ്രതീ ക്ഷിച്ചത്ര പുരോഗതി കൈവരിക്കാൻ കഴിയാതെ പോകുന്നത്. കിടപ്പുരോഗികൽക്ക് സാന്ത്വന പരിചരണവും വൃദ്ധരുടെ മാനസികോല്ലാസത്തിനും പദ്ധതികൾ ആവശ്യ മാണ്. 7 അങ്കണവാടികൾക്ക് സ്വന്തമായി ഭൂമിയുണ്ട്.

ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ട കുട്ടികളുടെ നാല് സുപ്രധാന അവകാശ ങ്ങളായ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ ഉറപ്പാക്കേണ്ട താണ്. സംരക്ഷണം, പങ്കാളിത്തം എന്നീ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിന് കൂടു തൽ പദ്ധതികൾ ഏറ്റെടുക്കേണ്ടതുണ്ട്. എല്ലാതരത്തിലുമുള്ള ദുരുപയോഗങ്ങളും തടഞ്ഞ് സംരക്ഷണാവകാശം ഉറപ്പാക്കണം. ശിശു സംരക്ഷണ സമിതി പ്രവർത്തി ക്കുന്നുണ്ടെങ്കിലും, ശിശു സംരക്ഷണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കു ന്നതിന് പ്രത്യേകം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. പങ്കാളിത്താവകാശമെ ന്നാൽ കുട്ടികളെ ബാധിക്കുന്ന എല്ലാ തീരുമാനങ്ങളിലും അവർക്ക് പങ്കാളികളാകാ നും, അവരുടെ വിനോദവും, കളികളും വഴി കായിക, സാംസ്ക്കാരിക നിലവാരവും,

സമഗ്രമായ വികസനവും ഉറപ്പാക്കപ്പെടുകയും ചെയ്യേണ്ടതാണ്.

കുട്ടികൾക്കായി കായിക പരിശീലനവും, കലോൽസവും സംഘടിപ്പിക്കണം. കുട്ടികൾക്ക് പാർക്കുകളും, കളി സ്ഥലങ്ങളും ഒരുക്കിക്കൊടുക്കാൻ പദ്ധതികളുണ്ടാകണം. കുട്ടികളുടെ അവകാശങ്ങളെപ്പറ്റി ജനങ്ങൾക്ക് ബോധവത്ക്കരണം നൽകുന്നതിന് വേണ്ടി പരിപാടികൾ ആസൂത്രണം ചെയ്യണം. ശിശു/ബാലസൗഹൃദമായ അങ്കണവാടികളും, സ്കൂളുകളും, പൊതു ഇടങ്ങളും സൃഷ്ടിക്കണം. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തിൽ നിന്നും, കുട്ടികളെ മോചിപ്പിക്കുന്നതിനും, തടയുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തണം, കെട്ടിടങ്ങൾ പണിയണം. സ്ഥലം ഉണ്ടായിട്ടും കെട്ടിടങ്ങൾ നിർമ്മിക്കാത്ത അങ്കണവാടികൾക്ക് കെട്ടിടങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ഭിന്നശേഷി സൗഹൃദമായ ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യം നേടുന്നതിനായി ബഡ്സ് സ്കൂളുകളും, പുനരധിവാസ കേന്ദ്രങ്ങളും സ്ഥാപിക്കണം. ശാരീരിക മാനസിക പ്രശ്നങ്ങൾ/പോരായ്മകൾ നേരത്തേ കണ്ടെത്തുന്നതിനും, പരിഹാരമാർഗ്ഗങ്ങൾ തേടുന്നതിനും വേണ്ട സൗകര്യമുള്ള സ്ഥാപനങ്ങൾ പദ്ധതികളിലൂടെ യാഥാർത്ഥ്യമാക്കണം. ഭിന്നശേഷി സൗഹൃദ പൊതുസ്ഥലങ്ങൾ സാക്ഷാത്ക്കരിക്കണം. ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായി തൊഴിൽ പരിശീലനം നൽകുന്ന പദ്ധതികൾ വിഭാവനം ചെയ്യണം.

വയോജന സൗഹൃദമായ പഞ്ചായത്ത് എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനായി വയോജനങ്ങൾക്ക് പകൽ വീടുകൾ സ്ഥാപിക്കണം. അവർക്ക് വിനോദത്തിനും, വിശ്രമത്തിനും സൗകര്യമൊരുക്കണം. വയോജന അയൽക്കൂട്ടങ്ങൾ, വയോജന ഗ്രാമസഭ ഇവ സംഘടിപ്പിക്കണം. വയോജന ക്ലബ്ബുകൾ രൂപീകരിച്ച് സഹായം നൽകണം. ഗുരുതര ശാരീരിക മാനസിക രോഗങ്ങളാലോ, സാമ്പത്തിക പരാധീനതകളാലോ, പോഷകഹാരക്കുറവ് മൂലമോ ബുദ്ധിമുട്ടുന്ന വയോജനങ്ങൾക്ക് സാമ്പത്തിക സഹായവും, പോഷകാഹാരം വിതരണം ചെയ്യുന്നതിനുമായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

## 7. ജൻഡർ വികസനവും, കുട്ടികളുടെ വികസനവും

വനിതാ വികസന മേഖലയിലെ പ്രധാന വെല്ലുവിളികൾ സ്ത്രീകൾ നേരിടുന്ന സാമൂഹ്യപ്രശ്നങ്ങളും തൊഴില്ലില്ലായ്മയുമാണ്. ലിംഗപദവി സമത്വം ഇന്നും നമ്മുടെ നാട്ടിലെ സ്ത്രീകൾക്ക് അകലെയാണ്. സമൂഹ മനഃശാസ്ത്രപരമായ കാരണങ്ങൾ സ്ത്രീകളുടെ അവകാശങ്ങൾക്ക് വിലങ്ങുതടികളായി നിലനിൽക്കുന്നു. അടുക്കളയുടെ നാലു ചുവരുകൾ മാത്രമാകണം അവരുടെ ലോകമെന്ന് കരുതുന്നവരും, സ്ത്രീകളുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്നവരും, സ്ത്രീകളെ വ്യക്തികളായി പരിഗണിക്കാത്തവരും, ചൂഷണങ്ങൾക്ക് വിധേയമാക്കുന്നവരും ഇന്നും കുറവല്ല. പുരുഷ മേധാവിത്വത്തിന്റെ നശിക്കാത്ത ചിന്താവിത്തുകൾ ഇന്നും സമൂഹ മനസ്സിൽ നില

നിൽക്കുന്നത് വനിതകളുടെ വികസനത്തിന് തടസ്സമാകുന്നു.

നിയമങ്ങൾ നിലവിലുണ്ടെങ്കിലും, സ്ത്രീധനം പോലെയുള്ള സാമൂഹ്യവിപത്തുകൾ വീടിന്റെ അകത്തളങ്ങളിൽ സ്ത്രീകളെ ചൂഷണത്തിനിരയാക്കുന്നു. ഗാർഹിക പീഢനം അനുഭവിക്കുന്ന ധാരാളം സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുമുണ്ട്. ജാഗ്രതാ സമിതികളിൽ (വാർഡു തലത്തിലും, പഞ്ചായത്ത് തലത്തിലും) നിരവധി പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്നുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടാത്ത പ്രശ്നങ്ങൾ നിരവധിയാണെന്ന കാര്യത്തിൽ തർക്കമില്ല. സാമൂഹ്യ പിന്തുണ കിട്ടാത്തതിന്റെ പേരിൽ പലരും പ്രശ്നങ്ങൾ മറച്ചുവെയ്ക്കുന്നു. സാമ്പത്തിക പരാശ്രയത്വം പ്രശ്നങ്ങൾ തുറന്നു പറയുന്നതിൽ നിന്നും സ്ത്രീകളെ പിന്നോട്ടു വലിക്കുന്നു. വീട്ടിലുള്ളവർക്കെതിരെയാണ് പരാതിപ്പെടേണ്ടതെങ്കിൽ ഭയം കാരണം തുറന്നു പറയാനും അവർ ശ്രമിക്കില്ല.

നിയമങ്ങളെക്കുറിച്ചും, സ്ത്രീകൾക്ക് വേണ്ടിയുള്ള പദ്ധതികളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്ന ബോധവത്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്യപ്പെടേണ്ടതുണ്ട്. മാനവവിഭവശേഷി കൊണ്ടും, ആവശ്യമായ ഫണ്ട് ലഭ്യമാക്കിയും സ്ത്രീകൾക്ക് പിന്തുണ നൽകുന്നതിന് വേണ്ടി ജാഗ്രതാ സമിതികളെ കൂടുതൽ പ്രവർത്തന ക്ഷമമാക്കണം. സ്ത്രീകൾക്ക് സൗജന്യമായി കൗൺസിലിംഗ് സേവനവും, നിയമ സഹായവും പഞ്ചായത്ത് തലത്തിൽ പദ്ധതികളിലൂടെ ലഭ്യമാക്കണം. സ്ത്രീസൗഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ ഇനിയും ഏറെ ചെയ്യാനുണ്ട്.

സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനവും, സാമ്പത്തിക സഹായവും ലഭ്യമാക്കുന്ന പദ്ധതികൾ എല്ലാ സാമ്പത്തിക വർഷവും തുടർച്ചയായി ഉണ്ടാകുന്നില്ല എന്നത് വികസനത്തിൽ വലിയ വിടവ് സൃഷ്ടിക്കുന്നുണ്ട്. കാരണം വളരെ കുറച്ച് വനിതകൾക്ക് മാത്രമേ ഇത്തരം പദ്ധതികളുടെ സേവനം ലഭിക്കുന്നുള്ളു. അതുകൊണ്ട് ഇത്തരം പദ്ധതികൾ തുടർച്ചയായി ഉണ്ടാകണം. ലിംഗ പദവി സമത്വവും, സുരക്ഷയും അഭിമാനത്തോടെ തൊഴിൽ ചെയ്ത് സാമ്പത്തികമായി ശാക്തീകരിക്കപ്പെടുന്നതിനുള്ള അവസരവും സ്ത്രീകൾക്ക് ലഭിക്കേണ്ടതുണ്ട്. വിധവകളും, തൊഴിലില്ലാത്തവരുമായ സ്ത്രീകളും, ഒറ്റപ്പെട്ട് കഴിയുന്ന സ്ത്രീകളും നേരിടുന്ന പ്രശ്നങ്ങൾ പ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ടതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്ക് സ്വയം തൊഴിൽ പരിശീലനവും, സാമ്പത്തിക സഹായവും ഉറപ്പു വരുത്തുന്ന പദ്ധതികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. സാമ്പത്തികമായി അവരെ ശാക്തീകരിക്കുന്നതിനോടൊപ്പം മാനസികമായി ശാക്തീകരിക്കുന്നതിനും ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. സ്ത്രീകളെ ചൂഷണം ചെയ്യാതെ, ആക്രമിക്കാതെ പിന്തുണയും, ബഹുമാനവും നൽകുന്ന ഒരു സമൂഹം ഉണ്ടാകണം. ആ സാമൂഹ്യ മാറ്റമുണ്ടാകേണ്ടത് വനിതകളുടെ സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമാണ്.

കൗമാരക്കാരായ പെൺകുട്ടികൾക്കും അമ്മമാർക്കും കൗൺസിലിംഗും നിയമ

സഹായവും ബോധവൽക്കരണവും വിധവകൾക്ക് തൊഴിൽ ലഭ്യതയും ഉറപ്പാക്കണം.

## 8. പട്ടികജാതി പട്ടികവർഗ്ഗ വികസനം

വിദ്യാഭ്യാസത്തിലൂടെ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കുവാനും ഉന്നതവിദ്യാഭ്യാസം ലഭ്യമായിട്ടുണ്ടെങ്കിലും അതിനനുസരിച്ചുള്ള തൊഴിലോ വേതനമോ ഇന്നും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിന് തടസ്സമായി നിൽക്കുന്നു. കൃഷിഭൂമിയുടെ കുറവ് ഈ മേഖലയിൽ തൊഴിൽ കുറയുന്നു. വ്യവസായ മേഖലയിൽ സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്മൂലം ഈ മേഖലയിലുള്ള തൊഴിൽ പങ്കാളിത്തം ലഭ്യമാകാത്ത അവസ്ഥയുണ്ട്. ധനകാര്യ സ്ഥാപനങ്ങളുടെയും സഹകരണ ബാങ്കുകളുടെയും നിസ്സഹകരണം ഈ വിഭാഗത്തിന് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയാതെ വരുന്നു. വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും നല്ലൊരു വിഭാഗം അഭ്യസ്ഥവിദ്യർക്ക് തൊഴിൽ ലഭിക്കാതെ പോകുന്നത് സങ്കടകരമായ അവസ്ഥയാണ്. ജീവിതസാഹചര്യങ്ങളിൽ ജനകീയാസൂത്രണത്തിന്റെ ഇടപെടൽ ഈ വിഭാഗത്തിന് സാമ്പത്തികമായും, സാമൂഹികവുമായ പുരോഗതി കൈവരിക്കാൻ ഈ കാൽനൂറ്റാണ്ട് കാലംകൊണ്ട് സാധിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിന്റെ അഭ്യസ്തവിദ്യർക്ക് തൊഴില്ലില്ലായ്മ രൂക്ഷമാണ്. സ്വയം തൊഴിൽ സംരംഭകർക്കുള്ള സഹായങ്ങൾ അപ്രാപ്യമാണ്. സ്വന്തമായി ഭൂമിയില്ലാത്തവരും സ്വന്തമായി ഭവനങ്ങളില്ലാത്തവരും ധാരാളമായി ഇന്നുമുണ്ട്. പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് ഉണ്ട്. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളുടേയും പഠനമുറികളുടേയും പോരായ്മ നിലനിൽക്കുന്നു. നിർദ്ധനരായ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്ക് മത്സരപരീക്ഷകൾക്ക് സൗജന്യ കോച്ചിംഗ് സൗകര്യങ്ങളുടേ അപര്യാപ്തമൂലം അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് കഴിയാത്ത സ്ഥിതിയുണ്ട്. കുടിവെള്ള ലഭ്യത വളരെ വിഷമം ഉണ്ടാക്കുന്നുണ്ട്. പട്ടികജാതിക്കാരായ വൃദ്ധജനങ്ങൾക്ക് ഭക്ഷണവും ശരിയായ പരിചരണവും ആരോഗ്യ സംരക്ഷണ സഹായങ്ങളും കിട്ടാത്ത അവസ്ഥ ഉണ്ടാകുന്നുണ്ട്. കോളനികളിൽ പശ്ചാത്തല സൗകര്യങ്ങളുടെ കുറവ് നിലനിൽക്കുന്നു.

അടിസ്ഥാന സൗകര്യങ്ങളും പശ്ചാത്തല സൗകര്യങ്ങളും പട്ടികജാതിക്കാർ പാർക്കുന്ന ഇടങ്ങളിൽ ഉറപ്പാക്കണം. കോളനികളിലേക്ക് റോഡ് വികസനത്തിന് കൂടുതൽ തുക അനുവദിച്ചുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും കൂടുതൽ തുക വർദ്ധിപ്പിക്കുക, വിദ്യാഭ്യാസ, ആരോഗ്യ മേഖലയിൽ കൂടുതൽ സാമ്പത്തിക സഹായങ്ങൾ അനുവദിക്കുക, തൊഴിലധിഷ്ഠിത മത്സരപരീക്ഷകൾക്കായി കോച്ചിംഗ് സെന്റുകൾ അനുവദിക്കുകയും പഠനോപകരണങ്ങളും പഠനമുറികളും അനുവദിക്കുകയും ചെയ്യുക. കുടിവെള്ളത്തിന്

കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുക, പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിലിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക, വൃദ്ധജനങ്ങൾക്ക് സൗജന്യ ആരോഗ്യ സംവിധാനങ്ങൾ സാധ്യമാക്കുകയും സൗകര്യങ്ങളൊരുക്കുകയും ചെയ്യുക, ദേശീയ തൊഴിലുറപ്പിലൂടെ ലഭ്യമാകുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് തൊഴിൽ സുരക്ഷ ഉറപ്പാക്കി മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക. വിദേശരാജ്യങ്ങളിലേക്ക് പോകുന്നവർക്കുള്ള സാമ്പത്തിക സഹായം നൽകണം. പട്ടികജാതി/വർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം വർദ്ധിപ്പിക്കുക, വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകി സംരഭങ്ങൾ തുടങ്ങുന്നതിനുള്ള സഹായങ്ങൾ നൽകി പരിഹരിക്കേണ്ടതാണ്. പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് തുക വർദ്ധിപ്പിച്ച് നൽകി വിദ്യാഭ്യാസത്തിൽ പ്രോത്സാഹനം നടത്തേണ്ടതാണ്.

## 9. ആരോഗ്യം (അലോപ്പതി, ആയുർവ്വേദം, ഹോമിയോ)

വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നങ്ങൾ മൂലവും പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടാകുന്ന ജലജന്യരോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവ പടരുവാൻ ഇടയായിട്ടുണ്ട്. ലാബിന്റെ സൗകര്യക്കുറവും ഉപകരണങ്ങളുടെ ദൗർലഭ്യവും രൂക്ഷമാണ്. കൂടാതെ ലാബ് ടെക്നീഷ്യന്റെ അഭാവം പരിശോധനകളെ ബാധിക്കുന്നു. ആവശ്യമായ പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവ് ആശുപത്രികളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നുണ്ട്. കുടുംക്ഷേമകേന്ദ്രങ്ങൾക്ക് കെട്ടിടമില്ലാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പകർച്ചവ്യാധികളുടെ എണ്ണം പെരുകുന്ന ഈ കാലത്ത് ഇവയെ പ്രതിരോധിക്കാൻ വലിയ പ്രവർത്തനങ്ങളാണ് നടത്തുന്നതെങ്കിലും ജനങ്ങളുടെ ജീവിതരീതിയിലും ശൈലിയിലും മാറ്റങ്ങൾ കാണാത്തത് വെല്ലുവിളി ഉയർത്തുന്നു. വേനൽക്കാലത്ത് ജലദൗർലഭ്യം രൂക്ഷമാകുന്നത് ആശുപത്രി പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ആവശ്യമായ കെട്ടിടങ്ങളും അനുബന്ധ സാമഗ്രഹികളുടെ കുറവ് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. പ്രത്യേക അവസരങ്ങളിൽ മരുന്നുകളുടെ ലഭ്യത കുറവ് വരുന്നുണ്ട്. കിടപ്പുരോഗികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്നു. ആശുപത്രിയിൽ എത്തുന്ന രോഗികൾക്കായുള്ള കാത്തിരിപ്പ് സൗകര്യത്തിന്റെ കുറവ് അനുഭവപ്പെടുന്നുണ്ട്. വൃദ്ധജന പരിചരണത്തിന് സൗകര്യ കുറവ് അനുഭവപ്പെടുന്നുണ്ട്.

സബ്സെന്ററുകളിൽ അമ്മമാർ, കുട്ടികൾ, എൻ. സി. ഡി. ക്ലിനിക്കിൽ വരുന്നവർക്കുള്ള വെയിറ്റിംഗ് ഏരിയ, കുടിവെള്ള സൗകര്യം, ടോയ്ലറ്റ്, വൈദ്യുതി, വിവിധ സേവനങ്ങളുടെ ഡോക്യുമെന്റേഷനുവേണ്ടി ഇന്റർനെറ്റ് കണക്ഷനും കമ്പ്യൂട്ടർസൗകര്യം എന്നിവ ലഭ്യമാക്കേണ്ടതാണ്. കുടുംബാരോഗ്യ കേന്ദ്രത്തിൽ രാവിലെയും വൈകിട്ടും ഒ. പി. സൗകര്യം ഏർപ്പെടുത്തുക. ലാബും ലാബ് ടെക്നീഷ്യനും ആവ

ശ്യമായ ഉപകരണങ്ങളും ലഭ്യമാക്കുക, നിലവിലുള്ളത് മെച്ചപ്പെടുത്തുക. മൂന്ന് ഡോക്ടറന്മാർ, മൂന്ന് സ്റ്റാഫ് നഴ്സുമാർ, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരെ നിയമിച്ച് കാര്യക്ഷമമാക്കുക. കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരത്തിനായി വാട്ടർ അതോറിറ്റി, ത്രിതല പഞ്ചായത്ത്, ജൽജീവൻ മിഷൻ എന്നിവയുടെ സഹകരണം ഉറപ്പാക്കുക. ഇ-ഹെൽത്ത് സംവിധാനം കുടുംബാരോഗ്യകേന്ദ്രത്തിൽ ലഭ്യമാക്കുക. പാലിയേറ്റീവ് പരിചരണ സംവിധാനം കാര്യക്ഷമമാക്കുക. ജനസംഖ്യാനുപാതികമായി ആശാപ്രവർത്തകരുടെ എണ്ണം വർദ്ധിപ്പിക്കുക. ചികിത്സാ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. രോഗികളുടെ ഒ. പി., വെയ്റ്റിംഗ് ഏരിയ, ഓ. പി. കൗണ്ടർ, പ്രീ ചെക് ഏരിയ, നഴ്സിംഗ് സ്റ്റേഷൻ, ഒബ്സർവേഷൻ റൂം, ലബോറട്ടറി, ടോയ്‌ലറ്റുകൾ എന്നീ സൗകര്യങ്ങളോടുകൂടി പുതിയ കെട്ടിടം നിർമ്മിക്കുക. മരുന്നുകൾ ശേഖരിച്ചു വെക്കുന്ന സ്റ്റോർറൂം, വിതരണം ചെയ്യുന്ന ഫാർമസി എന്നിവിടങ്ങളിൽ മോഡുലാർ ഫാർമസി സംവിധാനം ഉണ്ടാക്കി മരുന്നുകൾ കേടുകൂടാതെ സൂക്ഷിക്കുവാനും, എക്സ്പയറി തീയതിക്കു മുമ്പ് തന്നെ മരുന്നുകൾ വിതരണം ചെയ്തു മരുന്ന് വേസ്റ്റേജ് ഒഴിവാക്കാൻ കഴിയണം. അമ്മമാരുടെ ക്ലിനിക്കുകൾ, കുട്ടികളുടെയും അമ്മമാരുടെയും പ്രതിരോധ കുത്തിവെയ്പ്പുകൾ, പൾസ് പോളിയോ പ്രതിരോധ കുത്തിവെയ്പ്പ്, ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്കുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടത്തുന്ന സബ്സെന്റുകൾ ഏറ്റവും ശുചിത്വവും, വെളിച്ചവും ഉള്ള സ്ഥലങ്ങൾ ആയിരിക്കണം. എന്നാൽ നമ്മുടെ സബ്സെന്റുകൾ പരിമിതമായും, ശോചനീയവും ആയ അവസ്ഥയിലാണ് പ്രവർത്തിക്കുന്നത് ഇത് പരിഹരിക്കപ്പെടണം. നിലവിൽ ഏഴു സബ്സെന്ററുകളിൽ നാല് സബ്സെന്റുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകേണ്ടതാണ്.  ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുക. മാരക പകർച്ചവ്യാധികളായ കോവിഡ് 19 ന്റെ പ്രതിരോധ മരുന്നുകൾ, രോഗികളുടെ ക്വാറന്റയിൻ, ഇൻഫെക്ഷൻ കൺട്രോൾ ഉപകരങ്ങൾ, സിറിഞ്ച്, നീഡിൽ, ടെസ്റ്റിംഗ് കിറ്റ്, പി. പി. ഇ കിറ്റ്, എൻ-95 മാസ്ക്ക് എന്നിവയുടെ ലഭ്യത ഉറപ്പാക്കുക.  എലിപ്പനി, ഡെങ്കി, ചിക്കൻ ഗുനിയ, ഹെപ്പറ്റൈറ്റിസ്, വയറിളക്ക രോഗങ്ങൾ എന്നിവയ്ക്കുള്ള മരുന്നുകളും പ്രതിരോധ മാർഗ്ഗങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം നടത്തുക. പാലിയേറ്റീവ് നഴ്സ്, ഫിസിയോതെറാപ്പിസ്റ്റ്, എന്നിവരുടെ സേവനം വീടുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്നുകൾ, വാട്ടർ ബെഡ്, വാക്കർ, ഡയാലിസിസ് രോഗികൾക്കുള്ള കിറ്റ് എന്നിവ നൽകുക. ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്കുകളിൽ ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പുകൾ, ബി. പി. അപ്പാരറ്റസ് എന്നിവ ലഭ്യമാക്കുക. മയക്കുമരുന്ന് ഉപയോഗിക്കുന്നവരിൽ  കണ്ടെത്തി ചികിത്സിപ്പിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുക. ദുരന്തസന്ദർഭങ്ങളിലും സാന്ത്വന പരിചരണങ്ങൾക്കും ആവശ്യമായ സ്ഥിരമായി വാഹനസൗകര്യം ലഭ്യമാക്കുക. ആയുർവ്വേദ ആശുപത്രിയിൽ കെ

ഫോണിന്റെ കേബിൾ എത്തിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തതിനാൽ ഓഫീസ് പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്നു. വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ, ക്യാൻസർ രോഗബാധിതർ, ദീർഘകാലം ചികിത്സ വേണ്ടവർ തുടങ്ങിയ ദുർബല വിഭാഗത്തിനായുള്ള പദ്ധതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

പകർച്ചവ്യാധി പ്രതിരോധത്തിന് ആയുർവ്വേദ ഹോമിയോ ചികിത്സാ സമ്പ്രദായങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. ആയുർവ്വേദ ഹോമിയോ ചികിത്സാ സമ്പ്രദായങ്ങൾക്ക് ഫീൽഡ് സ്റ്റാഫുകളെ കണ്ടെത്തുക. കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്താൻ വാർഡ് നിർമ്മാണം. ആയുർവ്വേദ ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മാണം ഹോമിയോ ആശുപത്രിക്ക് യോഗാഹാൾ നിർമ്മിക്കുക. ഔഷധ സസ്യ കൃഷി വ്യാപിപ്പിക്കുക. വൃദ്ധർക്കും കുട്ടികൾക്കുമുള്ള പ്രത്യേക ഔഷധങ്ങൾ വാങ്ങുക നിർമ്മാണ പ്രവർത്തനങ്ങൾക്കുശേഷം ആശുപത്രി ഉപകരണങ്ങൾ വാങ്ങിക്കുക.

## 10. കുടിവെള്ളം, ശുചിത്വം

കാലംതെറ്റിയെത്തുന്ന കാലവർഷങ്ങളും കാലാവസ്ഥ വ്യതിയാനവും കുടിവെള്ളം കിട്ടാതെ വിഷമിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തി അവ നിലനിർത്താനാവശ്യമായ പദ്ധതികൾ ദീർഘ വീക്ഷണത്തോടെ ആവിഷ്ക്കരിക്കപ്പെടാത്തത് ഈ മേഖലയിൽ ശുദ്ധജല ലഭ്യതയ്ക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ജല സ്രോതസ്സുകൾ സമയബന്ധിതമായി നവീകരിക്കപ്പെടാൻ കഴിയാതെ പോകുന്നതും പൊതുകിണറുകൾ ശുദ്ധീകരിക്കാൻ കഴിയാത്തതും, മഴവെള്ളം പാഴായി ഒഴുകിപ്പോകാതെ സംരക്ഷിക്കാൻ കഴിയാത്തതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. പ്രകൃതി സന്തുലിതാവസ്ഥയെ തകിടം മറിക്കുന്ന മണ്ണെടുപ്പ്, മണൽ ഖനനം, വെട്ടുകല്ല് ഖനനം, വയലുകൾ നികത്തൽ തുടങ്ങിയവ കുടിവെള്ള ലഭ്യതയ്ക്ക് കാരണമാകുന്നത് പ്രശ്നങ്ങളാണ്. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാകത്തക്ക ബൃഹത്തായ കുടിവെള്ള പദ്ധതി സാധ്യമാകാത്ത സ്ഥിതിയുണ്ട്. ബഹുഭൂരിപക്ഷം കുടുംബങ്ങളും കിണറുകളെ ആശ്രയിക്കുന്നവരാണ്. വേനൽക്കാലത്ത് കിണറുകൾ വറ്റിപ്പോകുന്നതിനാൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കേണ്ടിവരുന്നു. പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും, കുടുംബങ്ങളിലുമുണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കാൻ കഴിയുന്ന പദ്ധതികളുടെ അഭാവം മാലിന്യപ്രശ്നം രൂക്ഷമാക്കുന്നു. ഖര-ജൈവ-മാലിന്യങ്ങൾ വലിച്ചെറിയുന്നതു മൂലം പകർച്ച വ്യാധികളും, മാരക രോഗങ്ങളും വ്യാപിക്കാൻ ഇടയാകുന്നു. ആവശ്യമായ ബോധവൽക്കരണം ലഭിക്കാത്തതിനാൽ സമൂഹത്തിന് ദോഷകരമാവുംവിധം മാലിന്യങ്ങൾ കൈകാര്യം ചെയ്യപ്പെടുന്നുണ്ട്. തുറന്നതും മാലിന്യം നിറഞ്ഞതുമായ ഓടകൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ബൃഹത്തായതും മുഴുവൻ ജനതക്കും കുടിവെള്ളം ലഭ്യമാകുന്നതുമായ കുടി

വെള്ള പദ്ധതി നടപ്പാക്കുക. കുടിവെള്ള കിണറുകൾ സംരക്ഷിക്കുക. ജലസ്രോതസ്സുകൾ സംരക്ഷിക്കുകയും ശുദ്ധീകരിച്ച് കുടിവെള്ളത്തിന് പ്രാപ്തമാക്കുക. മഴവെള്ളത്തിനെ തടഞ്ഞുനിർത്തി ഭൂമിയിൽ താഴുന്നതിനായി മഴക്കുഴികൾ സ്ഥാപിക്കുക. എല്ലാവിധ ഖനനങ്ങളും നിയന്ത്രിക്കുക. തോടുകൾ നവീകരിക്കുക. നിലവിലുള്ള കിണറുകൾ ആഴംകൂട്ടി ജലലഭ്യത ഉറപ്പു വരുത്തുക. ഗാർഹിക സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുക. ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കുക. ഓടകൾ നിർമ്മിച്ച് മലിനജലം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനമുണ്ടാക്കുക. ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ബയോഗ്യാസ് സംവിധാനം ഒരുക്കി നൽകുക. എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ എല്ലാ പൊതുസ്ഥലങ്ങളിലും സ്ഥാപിക്കുക. മാർക്കറ്റുകളിൽ ശുചിത്വ പ്ലാന്റുകൾ സ്ഥാപിക്കുക. ആധുനിക അറവുശാല സ്ഥാപിക്കുക. പൊതു കിണറുകളുടെ നവീകരണം നടത്തുക. പൊതുശൗചാലയങ്ങളും മൂത്രപ്പുരകളും പ്രധാന ജംഗ്ഷനുകളിൽ നിർമ്മിക്കുക.

## 11. വിദ്യാഭ്യാസം, കല, സംസ്ക്കാരം

സ്കൂളുകളുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ പോരായ്മ ബുദ്ധിമുട്ടിലാക്കുന്നുണ്ട്. പാഠ്യേതര വിഷയങ്ങളിൽ കുട്ടികൾക്ക് താല്പര്യം ഉണ്ടാക്കുവാനുള്ള സ്ഥിരം സംവിധാനങ്ങൾ സ്കൂളുകൾ കേന്ദ്രീകരിച്ചും, വായനശാലകൾ കേന്ദ്രീകരിച്ചും ഇന്ന് നടക്കുന്നില്ലായെന്നത് വസ്തുതയാണ്. കുട്ടികളെ സ്കൂളുകളിലെത്തിക്കാനുള്ള സൗകര്യം ഇന്നില്ല. കലാ സാംസ്ക്കാരിക സംഘടനകളുടെ ഇടപെടൽ നിർജ്ജീവവുമാണ്. പ്രൈമറിതലത്തിൽ ആധുനിക ശാസ്ത്രസാങ്കേതിക പരിജ്ഞാനം അവകാശമാക്കിയിട്ടില്ല. യുവജന ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വായനശാലകളും ലൈബ്രറികളും നിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിന് ഭരണതലത്തിൽ ഇടപെടലുകൾ ഇല്ലാത്തത് പോരായ്മയാണ്. വായനശാലകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അലസതയുണ്ട്.

സ്കൂൾ കളിസ്ഥലങ്ങൾ നവീകരിച്ചും പഞ്ചായത്ത് വാർഡുകളിൽ കളിസ്ഥലങ്ങൾ വാങ്ങി ഒരുക്കി കായിക മത്സരങ്ങൾ പ്രോത്സാഹിപ്പിക്കണം. എല്ലാ കുട്ടികൾക്കും പ്രീപ്രൈമറി വിദ്യാഭ്യാസം ലഭ്യമാകത്തക്ക തരത്തിൽ ക്രമീകരണം നടത്തണം. അംഗൻവാടി, പ്രീ-പ്രൈമറി, പ്രൈമറി തലങ്ങളിൽ പാഠ്യ- പാഠ്യേതര വിഷയങ്ങളിൽ കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക. പഠന സഹായ സാമഗ്രികളും ഉപകരണങ്ങളും ആവശ്യാനുസരണം ലഭ്യമാക്കുക. എല്ലാ പ്രൈമറി സ്കൂളിനോടും ചേർന്ന് പ്രീ- പ്രൈമറി സ്കൂളുകൾ നടത്താനുള്ള സൗകര്യമുണ്ടാക്കുക. ശാസ്ത്രബോധം ഉണ്ടാക്കുന്നതിനും പ്രായോഗിക പരിജ്ഞാനത്തിനും ലബോറട്ടറി സൗകര്യം ഉറപ്പാക്കുക. ശാസ്ത്ര ക്ലബ്ബുകളും ചരിത്ര ക്ലബ്ബുകളും, ഭാഷാ ക്ലബ്ബു

കൾക്കും രൂപം കൊടുക്കുക. അദ്ധ്യാപകർക്ക് ഭരണശേഷി കൈവരിക്കാനാവശ്യമായ പരിശീലനം നൽകുക. ലൈബ്രറികളുടെയും വായനശാലകളുടേയും നിലവാരം മെച്ച പ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ ഉണ്ടാകണം. വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണം. പ്രൈമറി സ്കൂളുകളോട് ചേർന്ന് പാർക്കുകൾ നിർമ്മിക്കുക, സ്കൂളുകൽക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും പുസ്തകങ്ങളും അലമാരകളും വാങ്ങി നൽകുക. സ്കൂഎൾ ലൈബ്രറികൾ മെച്ചപ്പെടുത്തുക.

## 12. പൊതുമരാമത്ത്, ഊർജ്ജം

പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ നിലവാരത്തിൽ ഗ്രാമീണ റോഡുകൾ നിർമ്മിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ഗതാഗതസൗകര്യമില്ലാത്ത റോഡുകൾ ഇന്നും നിലവിലുണ്ട്. ഓടകളും, കലുങ്കുകളും ഇല്ലാത്തത് പ്രധാന റോഡുകളിൽ വെള്ളക്കെട്ട് ഉണ്ടാകുന്നതിനും റോഡുകൾക്ക് വേഗത്തിൽ നാശനഷ്ടം സംഭവിക്കാനിടവരുന്നു. പാട ശേഖരങ്ങളിൽ ആവശ്യമായ ബണ്ടുകളുടെ അഭാവം വെള്ളപ്പൊക്കത്തിനും കൃഷി നാശത്തിനും കാരണമാകുന്നു. കുളങ്ങളും, തോടുകളും കാലാകാലങ്ങളിൽ നവീകരി ക്കാത്തതിനാൽ കാർഷിക മേഖലകളിലും കുടിവെള്ളത്തിനും ബുദ്ധിമുട്ട് അനുഭവപ്പെ ടുന്നു. തോടുകളുടേയും, കയ്യാലകളുടേയും ബണ്ടുകളുടേയും കുറവ് മണ്ണൊലിപ്പ് വേഗ ത്തിലാക്കുന്നു. പരിമിതമായ ഭൂമിയുള്ള പട്ടികജാതി കോളനികളിലെ മണ്ണൊലിപ്പ് തട യാൻ സംരക്ഷണഭിത്തികളില്ലാത്ത അവസ്ഥയുണ്ട്. നീർച്ചാലുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി ചെയ്യാത്തതുമൂലം ജലസ്രോതസ്സുകൾ അടഞ്ഞുപോകുന്നു. പ്രധാന പി. ഡബ്ല്യൂ. ഡി. റോഡുകളിൽ നടപ്പാതകൾ നിർമ്മിച്ചിട്ടില്ലാത്ത കാരണം അപകടങ്ങളും മരണങ്ങളും ഉണ്ടാകുന്നുണ്ട്. പൈപ്പുലൈനുകൾ, കേബിളുകൾ ഇവ ഇടുന്നതിനായി റോഡു മുറിക്കുകയും യഥാസമയങ്ങളിൽ അറ്റകുറ്റപ്പണി നടത്താത്തതിനാലും റോഡു കൾ വേഗം തകരുന്ന സ്ഥിതി ഉണ്ടാകുന്നു. പ്രകാശിക്കാത്ത സ്ട്രീറ്റ്ലൈറ്റുകൾ യഥാ സമയം മാറ്റാൻ കഴിയാത്തത് പോരായ്മയാണ്. വൈദ്യുതി ബന്ധം തകരാൻ കാരണ മായിട്ടുള്ള മരങ്ങളോ മരച്ചില്ലകളോ നീക്കം ചെയ്യാൻ കഴിയാത്തത് വൈദ്യുതി വിതര ണത്തിനും, യാത്രയ്ക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു. പട്ടികജാതി കോളനികളിൽ ഫീസി ബിയിറ്റി നിബന്ധനകൾ കർഷനമാക്കിയിട്ടുള്ളത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയങ്ങളിൽ നടത്തുക. ഓരോ വർഷവും നിശ്ചിത കിലോമീറ്റർ റോഡുകൾ പുതുതായി നിർമ്മിക്കുന്നതിനും അറ്റകുറ്റ പ്പണി നടത്തുന്നതിനും കഴിയണം. നിലവാരമുള്ള റോഡുകൾ മുൻഗണനാടിസ്ഥാന ത്തിൽ നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ അനുവദിക്കുന്നതിന് കഴിയണം. ആവശ്യമായ കലുങ്കുകളും, ഓടകളും, ബണ്ടുകളും ശാസ്ത്രീയമായി നിർമ്മിക്കാൻ കഴിയണം. കുളങ്ങളും തോടുകളും നവീകരിച്ച് വെള്ളത്തിന്റെ നിർഗ്ഗമനം സാദ്ധ്യമാ ക്കണം. ബണ്ടുകളും കയ്യാലകളും നിർമ്മിച്ച് മണ്ണൊലിപ്പ് തടഞ്ഞ് കൃഷി സുഗമമായി

നടത്താൻ കഴിയണം. പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലും സംരക്ഷണ ഭിത്തി കെട്ടുക. നീർച്ചാലുകൾ നവീകരിച്ച് ജലസ്രോതസ്സ് സുഗമമാക്കുക. നടപ്പാതകൾ ആവശ്യമായ റോഡുകൾ കണ്ടെത്തി അവ നിർമ്മിക്കുക. കോളനികളുടെ നിർമ്മാണാനുമതിയ്ക്കുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഇളവ് അനുവദിച്ച് നൽകുക. കേബിളുകൾ, പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിനായി നിർമ്മാണം നടത്തിയ ഭാഗങ്ങൾ ക്രമീകരിക്കുന്നതിന് നടപടി എടുക്കുക. വഴിവിളക്കുകൾ പ്രകാശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. ഊർജ്ജലാഭം സാധ്യമാക്കുന്നതിന് സ്ട്രീറ്റ്ലൈറ്റുകൾക്കും ആഫീസുകൾക്കും സൗരോർജ്ജ സംവിധാനം നടപ്പിലാക്കുക. മണ്ണൊലിപ്പ് തടയുന്നതിന് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകളും കയ്യാലകളും നിർമ്മിക്കുക.

## 13. ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, ദുരന്ത നിവാരണം

കാലംതെറ്റിയെത്തുന്ന കാലവർഷങ്ങൾ ജനജീവിതം ദുസ്സഹമാക്കുന്നുണ്ട്. കൂടാതെ കാർഷിക മേഖലയിൽ വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു. പഞ്ചായത്തിന്റെ വടക്ക് – കിഴക്ക് അച്ചൻകോവിലാറിനോട് ചേർന്ന പ്രദേശങ്ങളിൽ മൺസൂൺ കാലത്ത് നാശനഷ്ടം ഉണ്ടാകാറുണ്ട്. നൂറുക്കണക്കിന് ഭവനങ്ങൾക്ക് കേടുപാടുകൾ വരുത്തുകയും, കന്നുകാലികളും മറ്റും നഷ്ടപ്പെടുന്ന അവസ്ഥയുണ്ട്. അന്തരീക്ഷ താപനില വർദ്ധിച്ചു വരികയും അസഹ്യമായ ചൂട് ജനുവരി മാസം മുതൽ മെയ്മാസം വരെ അനുഭവിക്കേണ്ടി വരുന്നു. കാർഷിക മേഖലയിൽ കടുത്ത വരൾച്ച മൂലം ഇടവിള കൃഷി ഉൾപ്പെടെ വൻ നാശനഷ്ടങ്ങൾ സംഭവിക്കുന്നുണ്ട്. ഭൂഗർഭജലത്തിന്റെ ശോഷണം, കുടിവെള്ളത്തിന്റെ ലഭ്യത കുറയുന്നുണ്ട്. പ്രാദേശിക ജലസ്രോതസ്സുകളായിട്ടുള്ള കുളങ്ങൾ, തോടുകൽ ഇവ വൻതോതിൽ നികത്തപ്പെട്ടതുമൂലം കൃഷിക്കും കുടിവെള്ളത്തിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കൂടാതെ അപ്രതീക്ഷിതമായി വന്നു ചേരുന്ന അതിവൃഷ്ടിയും വെള്ളപ്പൊക്കവും മൂലം ഉണ്ടായിട്ടുള്ള ആഘാതങ്ങൾ അപ്രതീക്ഷിതമായി വന്നുചേരുന്നു.

അച്ചൻകോവിലാറിന്റെ തീരം സംരക്ഷിച്ച് വെള്ളപ്പൊക്കം മൂലം കൃഷി ഇടങ്ങളിലേക്കും ജനവാസകേന്ദ്രങ്ങളിലേക്കുമുള്ള വെള്ളത്തിന്റെ നീരൊഴുക്ക് തടയുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക. കാലവർഷം കണക്കാക്കികൊണ്ടുള്ള മുൻകരുതൽ പ്രവർത്തനങ്ങൾ കാലേക്കൂട്ടി തയ്യാറാക്കുക, അതിനായി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സന്നദ്ധ സംഘടനകളുടെയും ആരോഗ്യപ്രവർത്തകരുടേയും സേവനം മുൻകൂട്ടി ഉറപ്പാക്കിയിരിക്കണം. കൂടാതെ ഗ്രാമീണ റോഡുകളുടെയും മറ്റും പ്രവൃത്തികളും കാലവർഷത്തിനു മുമ്പ് തന്നെ പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കിയിരിക്കണം. കാലവർഷത്തിൽ മൃഗങ്ങളുടെ നാശം ഉണ്ടാകാതെയുള്ള മുൻകരുതലുകൾ സ്വീകരിക്കണം. തൊഴിൽ നഷ്ടപ്പെട്ട് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ദുരിത ബാധിതരെ മുൻകൂട്ടി മനസ്സിലാക്കി അവർക്ക് ആശ്വാസമായ ഭക്ഷ്യോൽപ്പന

ങ്ങളും ആരോഗ്യസംവിധാനങ്ങളും ക്രമീകരിക്കണം.

വരൾച്ച കാലത്ത് കുടിവെള്ളത്തിനും കൃഷിക്കും വെള്ളം കിട്ടാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കേണ്ടതുണ്ട്. കുടിവെള്ളം കിട്ടാത്ത പ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുള്ള മുൻകരുതൽ പ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതാണ്. കുടി വെള്ള പദ്ധതികൾ ആരംഭിച്ചും, പുതിയ കുടിവെള്ള സ്രോതസ്സുകൾ കണ്ടെത്തിയും പൈപ്പ് ലൈനുകൾ എത്തിച്ചും കുടിവെള്ള ബുദ്ധിമുട്ട് പരിഹരിക്കണം. കാർഷിക ആവശ്യങ്ങൾക്ക് നിലവിലുള്ള കനാലുകൾ അറ്റകുറ്റപണികൾ ചെയ്തും, തോടു കളും ജലാശങ്ങളും വൃത്തിയാക്കിയും ആവശ്യമായ പ്രവർത്തികൾ ചെയ്തും ജല സേവന സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്. ദുരന്തനിവാരണത്തിനുള്ള കർമ്മസേ നകൾക്കുള്ള ഉപകരണങ്ങൾ നൽകി പരിശീലിപ്പിക്കുക, ജൈവ വൈവിദ്ധ്യ ഉദ്യാനം നിർമ്മിക്കുക, ഫലവൃക്ഷത്തൈകളും, ഔഷധ സസ്യങ്ങളും സംരക്ഷിക്കുകയും അവ യുടെ ഉൽപ്പാദനത്തിന് സഹായം നൽകുക.

# അദ്ധ്യായം -4

# വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

## 1. പൊതുഭരണവും ധനകാര്യവും

ഗ്രാമങ്ങളുടെ വികസനത്തിനും, ജനപ്രതിനിധികളുടെ കാര്യക്ഷമമായ പ്രവർത്ത നങ്ങൾക്കും ആക്കംകൂട്ടാൻ കഴിയണം. ആഫീസ് രേഖകളുടേയും രജിസ്റ്ററുകളുടേയും ഡിജിറ്റലൈസേഷൻ പൂർത്തിയാക്കേണ്ടതുണ്ട്. ആധുനിക സാങ്കേതിക വിദ്യ പ്രയോ ജനപ്പെടുത്തി സേവനം ഉറപ്പാക്കുന്നതിനുള്ള പരിശീലനം ജീവനക്കാർക്ക് കാലാകാ ലങ്ങളിൽ നൽകേണ്ടതാണ്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തു ന്നതിന് ലക്ഷ്യമാക്കിയുള്ള സഹായങ്ങൾ നൽകേണ്ടതാണ്. വിട്ടുകിട്ടിയ സ്ഥാപനങ്ങ ളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുക. ഐ. എസ്. ഒ. സർട്ടിഫിക്കേ ഷൻ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. പഞ്ചായത്ത് ആഡി റ്റോറിയത്തിൽ ആവശ്യമായ ഇരിപ്പിടങ്ങൾ സജ്ജീകരിച്ച്, ഹാളിലെ മുഴക്കം ക്രമീക രിച്ച് പൂർത്തിയാക്കേണ്ടതാണ്. ആഫീസിന്റെ ചുറ്റുമതിൽ നിർമ്മിച്ച് സുരക്ഷിതത്വം ഉറപ്പാക്കണം. ഓഫീസിന്റെ നവീകരണവും സോളാർ പാനൽ സ്ഥാപിക്കുക. ഓഫീ സിൽ ടച്ച് സ്ക്രീൻ സ്ഥാപിക്കേണ്ടതാണ്.

ആഫീസിലെത്തുന്ന പൊതുജനങ്ങൾക്ക് കാര്യക്ഷമമവും സുതാര്യതയോടെയുള്ള സമീപനം സ്വീകരിക്കുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുന്ന താണ്. ജനകീയ സംവിധാനം മെച്ചപ്പെടുത്തുന്നതിന് സൗഹാർദ്ദപരമായ നയസമീ

പനം സ്വീകരിക്കുന്നതാണ്. പരിശീലനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾക്കും പ്രോജക്ടർ സ്ഥാപിക്കേണ്ടതാണ്.

## 2. കൃഷി അനുബന്ധമേഖല

മുൻകാലങ്ങളിൽ കാർഷിക മേഖലയിൽ അശാസ്ത്രീയമായ കൃഷി രീതികൾ കർഷകർക്ക് കൃഷി ലാഭകരമല്ലാത്ത അവസ്ഥയുണ്ടാവുകയും, ഭക്ഷ്യോൽപ്പാദനം കുറയുകയും ചെയ്തിരുന്നു. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുവാൻ ജനകീയാസൂത്രണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത് മൂലം കർഷകർക്ക് ആശ്വാസമാകാൻ കഴിഞ്ഞിട്ടുണ്ട്. കൃഷി ലാഭകരമല്ലാത്ത അവസ്ഥയിൽ റബ്ബർ കൃഷിക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് മറ്റ് കൃഷികളിൽ നിന്ന് കൃഷിക്കാർ പിന്മാറുന്ന അവസ്ഥയുണ്ടായി. ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാക്കുന്നതിന് 14 -ാം പഞ്ചവൽസരപദ്ധതിയിൽ കൃത്യതയോടെയുള്ള പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. എല്ലാ കൃഷികളും ശാസ്ത്രീയ മാർഗ്ഗത്തിലൂടെ ലാഭകരമാക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്. ഇതിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും ദാരിദ്ര്യലഘൂകരണം സാധ്യമാക്കാനും കൂടുതൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും ലക്ഷ്യമിടുന്നു.

കൃഷിഭവനുകളുടെ നേതൃത്വത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് പാടശേഖര സമിതികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചതോടെ കൂട്ടുകൃഷി സമ്പ്രദായം ഫലപ്രദമായി ഏറ്റെടുത്ത് നടത്തുവാൻ കഴിഞ്ഞു. ഈ സമിതികൾക്ക് കാർഷിക യന്ത്രോപകരണങ്ങൾ സബ്സിഡി നിരക്കിലും, സൗജന്യമായും ലഭ്യമാക്കാൻ കഴിഞ്ഞു. മാത്രമല്ല, തൊഴിലാളികളുടെ ഈ മേഖലയിലേക്കുള്ള തിരിച്ചു വരവ് കാർഷിക മേഖലയ്ക്ക് ഉണർവേകും. മെച്ചപ്പെട്ട കൂലി സമ്പ്രദായം നിലവിൽ വന്നതുമൂലം ഈ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിച്ചു. 14-ാം പഞ്ചവത്സര പദ്ധതിയിൽ രണ്ടാം വാർഷിക പദ്ധതിയിൽ അവശേഷിക്കുന്ന തരിശുനിലങ്ങളും, തരിശു ഭൂമിയും കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയാണ് ലക്ഷ്യം. ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ, നാളികേരവും, പച്ചക്കറികളും, തോട്ടവിളകളും ഇടവിള കൃഷിയും തുടങ്ങി ഇവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കുകയാണ്.

കുളങ്ങൾ, കനാലുകൾ, തോടുകൾ എന്നിവയിലൂടെ ജലസേചന സൗകര്യം വർദ്ധിപ്പിച്ച് ജലലഭ്യത കൂടുതൽ ഉറപ്പാക്കി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതാണ്. കൃഷിക്കാരും കാർഷിക മേഖല വിദഗ്ദ്ധരും ചേർന്നുള്ള കോ-ഓർഡിനേഷനിലൂടെ ശാസ്ത്രീയ കൃഷിയിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതാണ്. പഞ്ചായത്തിന്റെ പരിതിയിലുള്ള ധനകാര്യ സ്ഥാപനങ്ങളെ ഉപയോഗപ്പെ

ടുത്തി കൂടുതൽ പലിശ രഹിത വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 3. മൃഗസംരക്ഷണവും ക്ഷീരവികസനവും

മൃഗസംരക്ഷണമേഖലയുടേയും ക്ഷീരവികസമേഖലയുടേയും വികസനം, 14 -ാം പഞ്ചവൽസര പദ്ധതി കാലയളവിലെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. മൃഗാശുപത്രിയുടെ അടിസ്ഥാനസൗകര്യവികസനം വർദ്ധിപ്പിക്കണം. കാലി വളർത്തൽ രംഗത്തും, പാൽ ഉൽപ്പാദന വർദ്ധനവിനും, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനും അതുവഴി ഈ മേഖലയിലുള്ള ജനങ്ങളുടെ കുറവ് പരിഹരിക്കുന്നതിനും, ഈ മേഖല തൊഴിലായി സ്വീകരിച്ചിട്ടുള്ളവർക്ക് വരുമാന വർദ്ധനവിനും ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് ആവിഷ്ക്കരിക്കേണ്ടത്. ഇതുവഴി ധാരാളം കർഷകർക്ക് ആശ്വാസം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മേൽത്തരം കറവമാടുകളുടെ ലഭ്യത ഉറപ്പ് വരുത്താനും പാലുൽപ്പാദന വർദ്ധനവ് ഉണ്ടാകുന്നതിനും വരുമാന വർദ്ധനവ് ഉണ്ടാകുന്നതിനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ഈ മേഖലയിൽ സ്വീകരിക്കും. ക്ഷീര കർഷകർക്ക് വരുമാനവും വർദ്ധിപ്പിക്കുന്നതിനാവശ്യമായി സബ്സിഡിയോടുകൂടി കറവമാടുകളെ ലഭ്യമാക്കുക, ക്ഷീരസംഘങ്ങളോടു ചേർന്ന് ഫീഡ് മിക്സിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് കാലിത്തീറ്റ ലഭ്യമാക്കാൻ കഴിയുക. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ വർദ്ധനവ് കൂടിവരുന്ന സാഹചര്യത്തിൽ പേവിഷ കുത്തിവെയ്പ്പുകൾ വളർത്ത് നായ്ക്കൾക്കും മറ്റ് മൃഗങ്ങൾക്കും നല്കണമെന്നുമാണ് വികസനതന്ത്രം. തെരുവുനായ്ക്കൾക്ക് ഷെൽട്ടർ സ്ഥാപിക്കണം

## 4. ആരോഗ്യം (അലോപ്പതി, ആയുർവ്വേദം, ഹോമിയോ)

